"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിന്മേൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പുന:പരിശോധിച്ച് ശിക്ഷ ഒഴിവാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1927/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/10/2020

പരാമർശം:- 1 നഗരകാര്യഡയറക്ടറുടെ 10/05/2018 തായതിയിലെ വി3-2258/16 നമ്പർ കത്ത്.

2 08.08.2019 തീയതിയിലെ സ.ഉ.(സാധാ.) നം.1721/2019/ത.സ്വ.ഭ.വ.

3 ശ്രീ.രഘുരാമൻ സമർപ്പിച്ച 24.08.2019 തീയതിയിലെ അപ്പീൽ അപേക്ഷ.

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ 04-03-2015 മുതൽ 13-03-2015 വരെ നടത്തിയ മിന്നൽ പരിശോധനയിൽ 19-11-2013 ന് ബി.എ 133/2013-14 നമ്പർ ഫയൽ പ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗിന് നൽകിയ പെർമിറ്റ് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിന് വിധേയമല്ലെന്ന് കണ്ടെത്തിയതിനാൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, പരാമർശം 2 പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയിരുന്നു.

2. മേൽ ഉത്തരവിനെതിരെ ശ്രീ.രഘുരാമൻ പരാമർശം 3 പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിച്ചിട്ടുണ്ട് .

- 15.11.2009- ലെ 72671/ ആർ . എ .1/2008/ തസ്വഭവ നമ്പർ സർക്കുലറിലും , 27.06.2010- ലെ 36587/ ആർ . എ .1/2009/ തസ്വഭവ നമ്പർ സർക്കുലറിലും അനുശാസിക്കുന്ന പ്രകാരം സ്ഥലപരിശോധന നടത്തിയ ബിൽഡിംഗ് ഇൻസ്പെക്ടർ , അസിസ്റ്റന്റ് എഞ്ചിനീയർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ( മുനിസിപ്പൽ എഞ്ചിനീയർ ) എന്നിവരുടെ വ്യക്തമായ റിപ്പോർട്ടിന്റേയും ശുപാർശകളുടേയും അടിസ്ഥാനത്തിലാണ് എല്ലാ ബിൽഡിംഗ് പെർമിറ്റുകളും അനുവദിച്ചത് .
- കേരള മുനിസിപ്പാലിറ്റി ആക്ട് 50(2) വകുപ്പ് പ്രകാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ മുനിസിപ്പൽ എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്തു കൊടുത്തിട്ടുണ്ട് . ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരിക്കെ അവിടുത്തെ മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ ഡെലിഗേഷൻ ഉത്തരവിന്റെ 44- ാം ഖണ്ഡികയിൽ കെട്ടിടനിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷകളും പ്ലാനുകളും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടത്തിനും ടൗൺപ്ലാനിംഗ് നിയമങ്ങൾക്കും വിധേയമാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ അംഗീകാരത്തിനായി സെക്രട്ടറിക്ക് സമർപ്പിക്കുവാൻ പാടുള്ളൂ എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട് .

- ചട്ടവിരുദ്ധമായ പ്ലാനുകളും അത്തരത്തിലുള്ള ബിൽഡിംഗ് പെർമിറ്റ് ഫയലുകളും സെക്രട്ടറിക്ക് സമർപ്പിക്കരുതെന്ന നിയമപരമായ ഡെലിഗേഷൻ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിലുള്ള ഫയൽ സമർപ്പിച്ച മുനിസിപ്പൽ എഞ്ചിനീയറാണ് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 50(3) വകുപ്പ് പ്രകാരം ഇതിന് ഉത്തരവാദിയാകുന്നത് .
- കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 50(2), 50(3) എന്നീ വകുപ്പുകളുടേയും 72671/2008, 36587/2009 എന്നീ സർക്കുലറുകളുടേയും നിയമപരിരക്ഷ സെക്രട്ടറിയ്ക്ക് പൂർണ്ണമായി അവകാശപ്പെട്ടതാണ് .
- എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണാനുമതി നൽകിയതിന് മൂവാറ്റുപുഴ നഗരസഭാ മുൻ സെക്രട്ടറി ശ്രീ.വി.ആർ. രാജുവിനെ 09.10.2019- ലെ 2818/2012/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും ഗുരുവായൂർ നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ . പി . മുരളീധരനെ 21.06.2017- ലെ 2077/2017/ തസ്വഭവ നമ്പർ പ്രകാരവും കുറ്റവിമുക്തരാക്കിയിട്ടുണ്ട് .

3. കൂടാതെ മേൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ പരിഗണിച്ച് പരാമർശിത ഉത്തരവ് പുന : പരിശോധിച്ച് , നീതിപൂർവ്വമായ ഒരു തീരുമാനത്തിലൂടെ തടയപ്പെട്ട ടിയാന്റെ ഇൻക്രിമെന്റ് പുന:സ്ഥാപിച്ചു നൽകണമെന്നും അപേക്ഷിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബി.എ 133/2013-14 നമ്പറായി ശ്രീ. അയ്യപ്പൻനായർ 2745 m2 വിസ്തൃതിയിൽ സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിട നിർമ്മാണാനുമതിക്കായി സമർപ്പിച്ച അപേക്ഷ വിശദമായ ടേബിൾ സഹിതം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് പാലിക്കുന്നുവെന്ന് 27/08/2013 ൽ ബിൽഡിംഗ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തത് അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ശുപാർശ ചെയ്ത് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കുകയും, ഫയർ എൻ.ഒ.സി ലഭിച്ചതിനുശേഷം 19/11/2013ൽ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയും ചെയ്തുവെന്നും കെ.എം.ബി.ആർ റൂൾ 30 പ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ സോണിലാണ് കെട്ടിടം വരികയെന്നും അപ്രകാരം പരിഗണിച്ചാൽ കെട്ടിട നിർമ്മാണത്തിൽ വയലേഷൻ ഇല്ലെന്നും ചീഫ് ടൗൺ പ്ളാനർ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22/02/2016-ന് ടി പെർമിറ്റ് റദ്ദാക്കിയിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.രഘുരാമൻ സമർപ്പിച്ച പുന:പരിശോധനാഹർജി പരിഗണിച്ച് ടിയാന് സൂചന ഉത്തരവ് പ്രകാരം നല്കിയ ശിക്ഷ ഒഴിവാക്കി തുടർനടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. അപ്രകാരം ശ്രീ.രഘുരാമൻ സമർപ്പിച്ച പുന:പരിശോധനാഹർജി തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

**പകർപ്പ് :-**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ശ്രീ.രഘുരാമൻ (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ